# പ്രസ്താവന

0.1 ആര്യവത്കരണവും പാശ്ചാത്യവത്കരണവും നമ്മുടെ തനതു സംസ്കാരത്തെ കണ്ടാൽ തിരിച്ചറിയാനാവാത്ത വിധം മാറ്റിമറിച്ചിരിക്കുന്നു. നാടിന്റെ സാംസ്കാരിക പാരമ്പര്യത്തിനു സംഭവിച്ച അപഭ്രംശങ്ങളെന്തെന്നും അതെല്ലാം എങ്ങനെ സംഭവിച്ചുവെന്നും ചിന്തിച്ചപ്പോൾ, നമ്മുടെ സംസ്കൃതിയുടെ തനിമ എന്തെന്നും അതിന്റെ ആദിസ്രോതസ്സുകൾ എവിടെയായിരുന്നുവെന്നും അറിയുവാനുള്ള ഔത്സുക്യമുണ്ടായി. ആദിവാസികളുടെ ജീവിതത്തെക്കുറിച്ചും കലാപാരമ്പര്യത്തെക്കുറിച്ചും പഠിക്കുവാനുള്ള പ്രേരണ ഇതാണ്.

0.2 "ലോകത്തിന്റെ പൊതുസ്വത്തായ സംസ്കാരം അതിപ്രാചീന കാലംതൊട്ടു മെല്ലെമെല്ലെ പടുത്തുണ്ടാക്കിയ സാധാരണ ജനതയുടെ

ചരിത്രമാണ്."[1] എന്നതുകൊണ്ട് അന്വേഷണം എവിടെനിന്ന് എങ്ങനെ തുടങ്ങണം എന്നതിനെക്കുറിച്ചു സംശയമേയുണ്ടായിരുന്നില്ല. ഒരു ജനതയുടെ സംസ്കാരത്തിന്റെ സമഗ്രരൂപം ദർശിക്കാൻ ശ്രമിക്കുമ്പോൾ അതിന്റെ ആദിമചരിത്രമാണ് അന്വേഷിക്കേണ്ടത്. "വടക്കുനിന്നും വന്ന ആര്യന്മാരുടെ മുന്തിയ ബുദ്ധിശക്തിയുടെയും ഭരണവൈദഗ്ദ്ധ്യത്തിന്റെയും മുമ്പിൽ കീഴടങ്ങി ഒതുങ്ങിപ്പോയ ഗിരിവർഗ്ഗക്കാരിലാണ് ഇന്ന് അതെല്ലാം തേഞ്ഞുമാഞ്ഞു പോകാതെ കുറച്ചെങ്കിലും അവശേഷിക്കുന്നത്"[2] എന്നതുകൊണ്ടാണ് ആദിവാസികളുടെ സാംസ്കാരിക പ്രത്യേകത്തെ വിവേചിച്ചറിയാൻ ശ്രമിക്കുന്നത്. അതിനായി ഇടുക്കി ജില്ലയിൽ അധിവസിക്കുന്ന ആദിവാസിഗോത്രങ്ങളെയാണു തെരഞ്ഞെടുത്തിട്ടുള്ളത്.

0.3 ഇടുക്കി ജില്ലയിലെ നാലു താലൂക്കുകളിലായി ചിന്നിച്ചിതറിക്കിടക്കുന്ന ആദിവാസിഗോത്രങ്ങളുടെ അധിവാസകേന്ദ്രങ്ങളിൽ കാടും മലയും കടന്നുചെന്നു ബന്ധപ്പെടുകയെന്നതു ക്ഷിപ്രസാധ്യമായ കാര്യമല്ലെന്ന് അറിയാമായിരുന്നെങ്കിൽത്തന്നെയും തെരഞ്ഞെടുത്ത വിഷയത്തോട് ആദ്യമേയുണ്ടായിരുന്ന പ്രതിപത്തി, തടസ്സങ്ങൾ എന്തുതന്നെയായാലും മറികടക്കണമെന്നുള്ള നിർബ്ബന്ധബുദ്ധി ഉണ്ടാക്കിത്തന്നു. മുപ്പതും നാൽപ്പതും കിലോമീറ്റർ കൊടുംകാട്ടിലൂടെ നടന്നാൽ മാത്രം എത്തിച്ചേരാവുന്ന ആദിവാസി അധിവാസകേന്ദ്രങ്ങൾ ജില്ലയിലുണ്ട്. അവിടങ്ങളിലൊക്കെ ചെന്നെത്തുകയെന്ന ദുഷ്കരമായ പണി കഴിഞ്ഞാലും തടസ്സങ്ങൾ ബാക്കിനിൽക്കുന്നു. അതിൽ പ്രധാനമായത് ആവേദകരുടെ ദൗർലഭ്യമാണ്. ഉള്ളവരെ തേടിപ്പിടിച്ചാൽത്തന്നെ മറ്റൊരു പ്രശ്നം പൊന്തിവരുന്നു. മുതുവാൻ, മന്നാൻ തുടങ്ങിയ ഗോത്രക്കാർ പുറത്തുനിന്നു വരുന്നവരെ വളരെ സംശയത്തോടെയാണു

വീക്ഷിക്കുന്നത്. സംശയങ്ങളെല്ലാമകറ്റി വസ്തുതാശേഖരണത്തിനുള്ള സാഹചര്യം ഒരുക്കിയെടുക്കാൻ മൂന്നും നാലും ചിലപ്പോൾ അതിലധികവും ദിവസങ്ങൾ കുടികളിലെ സത്രങ്ങളിൽ താമസിക്കേണ്ടിവരും.

0.4 പരസ്പരം പൂർണ്ണമായും മനസ്സിലാക്കാനാവാത്ത ഭാഷ ആശയവിനിമയത്തെ ദുഷ്കരമാക്കിയിരുന്നുവെന്നതാണു മറ്റൊരു പ്രശ്നം. അതുകൊണ്ടു നിസ്സാരമായ കാര്യങ്ങൾതന്നെ പലപ്പോഴും ഒന്നിലധികം ആളുകളോടു പല പ്രാവശ്യം ചോദിച്ചറിയേണ്ടിവരുന്നു. അതിനാകട്ടെ വളരെയധികം സമയം ചെലവഴിക്കേണ്ടതായും വരും. ആവേദകരുമായുള്ള അഭിമുഖങ്ങളും ശബ്ദലേഖനവും ചിത്രമെടുപ്പുമാണു വസ്തുതാശേഖരണത്തിനു (Data Collection) പ്രധാനമായി അവലംബിച്ച രീതികൾ. ആദിവാസികളുടെ ജീവിതരീതിയെക്കുറിച്ചെഴുതിയ പഴയതും പുതിയതുമായ ഗ്രന്ഥങ്ങളുടെ പാരായണം വസ്തുതാസമാഹരണസമയത്തു വളരെയധികം പ്രയോജനപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ അറിവു നേടിയിട്ടുള്ളവരുമായി നടത്തിയ കൂടിക്കാഴ്ചകളും പ്രബന്ധരചനയ്ക്കു സഹായകമായി.

0.5 മണ്ഡലവൃത്തി സമയത്തു കാടുകളിൽ പോകുമ്പോൾ അവിടെ താമസസൗകര്യം ഏർപ്പെടുത്തുകയും ആദിവാസിസഹോദരങ്ങളുടെ സൗഹൃദം നേടിത്തരികയും ചെയ്ത വനംവകുപ്പ് ഉദ്യോഗസ്ഥന്മാരായ എസ്. ശിവദാസ് (അസി. വൈൽഡ് ലൈഫ് വാർഡൻ, ഇരവികുളം നാഷണൽ പാർക്ക്), കെ. ഗോപാലകൃഷ്ണൻ (അസി. വൈൽഡ് ലൈഫ് വാർഡൻ, ചിന്നാർ സാങ്ച്വറി), ത്യാഗരാജൻ (റെയിഞ്ച് ഓഫീസർ, മൂന്നാർ), ജെയിംസ് സഖറിയ (റെയിഞ്ച് ഓഫീസർ, തേക്കടി), കെ.കെ. സത്യൻ (ഫോറസ്റ്റർ, എരുമേലി), പി.വി. കരുണാകരൻ (റിസർച്ച് ഫെല്ലോ,

ഇരവികുളം നാഷണൽ പാർക്ക്) എന്നിവരുടെ സഹായസഹകരണങ്ങൾ നന്ദിപൂർവ്വം സ്മരിക്കുന്നു. വളരെയധികം ആദിവാസിസുഹൃത്തുക്കൾ പല സന്ദർഭങ്ങളിലായി വിവിധരീതികളിൽ മണ്ഡലവൃത്തിയുടെ വിജയത്തിന്റെ ഘടകങ്ങളായി വർത്തിച്ചിട്ടുണ്ട്. നിസ്വാർത്ഥമായ ആ സേവനങ്ങൾ മറക്കാനാവുന്നതല്ല. വിഷയാനുബന്ധിയായ പുസ്തകങ്ങൾ അയച്ചുതന്നും ഗവേഷണ പുരോഗതിയെപ്പറ്റി അപ്പപ്പോൾ സ്നേഹപൂർവ്വം അന്വേഷിച്ചും പഠനത്തിന് ഉത്സാഹമേറ്റിയ റിട്ട. പ്രൊഫ. ഡി. രക്ഷാദാസിനോടും (കാട്ടാക്കട ക്രിസ്ത്യൻ കോളേജ്) നന്ദി പറയുന്നു.

0.6 ഗിരിവർഗ്ഗക്കാരുമായി ഇടപഴകാനും അവരുടെ ജീവിതരീതിയെക്കുറിച്ച് അടുത്തറിയുവാനും എന്നെ ഏറെ സഹായിച്ചിട്ടുള്ളത്, ഗിരിവർഗ്ഗക്കാരുടെ കൂടെ വർഷങ്ങളോളം കഴിച്ചുകൂട്ടിയ ശ്രീ. രമേശ് മേനോനാണ് (ചിന്മയാ മിഷൻ, ആദിശങ്കരനിലയം, എറണാകുളം). ആദിവാസിപരിഷ്കൃതിയെ നഗരപരിഷ്കൃതിയെക്കാൾ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്ന അദ്ദേഹത്തോടുള്ള കടപ്പാട് വാക്കുകളിൽ ഒതുക്കാവുന്നതല്ല.

0.7 മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ ഗവേഷണ കേന്ദ്രമായ കേരള സാഹിത്യ അക്കാദമിയുടെ സെക്രട്ടറിയും പ്രശസ്ത സാഹിത്യകാരനുമായ ശ്രീ. പായിപ്ര രാധാകൃഷ്ണൻ പുസ്തകങ്ങളും നിർദ്ദേശങ്ങളും നൽകി എന്നെ സഹായിച്ചിട്ടുണ്ട്. അദ്ദേഹത്തോടും നന്ദി പ്രകാശിപ്പിക്കുന്നു.

0.8 കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ മലയാളം പ്രൊഫസറും കാലിക്കറ്റ്, മഹാത്മാഗാന്ധി യൂണിവേ

ഴ്സിറ്റികളിലെ റിസർച്ച് ഗൈഡുമായ ഡോ. ഷൊർണ്ണൂർ കാർത്തികേയനാണ് ഗവേഷണ പ്രബന്ധം തയ്യാറാക്കുന്നതിനു വേണ്ടുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയത്. ഇടുക്കി ജില്ലയിലെ ആദിവാസികളുടെ അധിവാസകേന്ദ്രങ്ങളിൽ എന്നോടൊപ്പം സഞ്ചരിച്ച് അവരുടെ കലാപ്രകടനങ്ങൾ നേരിട്ടുകണ്ടു വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും തന്ന അദ്ദേഹത്തോട് ഒരു മാർഗ്ഗനിർദ്ദേശകനിലും കവിഞ്ഞുള്ള ആദരവും കടപ്പാടുമാണെനിക്കുള്ളത്. അതെല്ലാം കൃതജ്ഞതാപൂർവ്വം മനസ്സിൽ സൂക്ഷിക്കട്ടെ. ആദിവാസികളുടെ വംശീയവും ഭാഷാശാസ്ത്രപരവുമായ വിശേഷതകൾ ആഴത്തിൽ പഠിച്ചുകൊണ്ടിരിക്കുന്ന അദ്ദേഹത്തിന്റെ സഹായസഹകരണങ്ങൾ ഇനിയും എനിക്കു പ്രചോദനമാകട്ടെയെന്നു പ്രാർത്ഥിക്കുന്നു.

## കുറിപ്പുകൾ

1. അയ്യപ്പൻ എ. ഭാരതപ്പുഴമ, മാ.പ്രി. കോഴിക്കോട്, 1985, പു. 4.

2. ശ്രീധരമേനോൻ എ. കേരള ചരിത്രം, സാ.പ്ര.സ. കോട്ടയം, 1987, പു. 90.

# ആമുഖം

## പഠനത്തിന്റെ ഉദ്ദേശ്യവും പ്രസക്തിയും

0.9 പാരമ്പര്യചൈതന്യങ്ങളിൽ നിന്നും ഉരുത്തിരിയുന്ന സാംസ്കാരിക വൈശിഷ്ട്യങ്ങളെ പ്രായോഗികസ്വീകാര്യതയുമായി ബന്ധപ്പെടുത്തിയാണ് ആദിവാസികൾ തങ്ങളുടെ കലകൾക്കു രൂപം കൊടുത്തിട്ടുള്ളത്. ഈ കലാപാരമ്പര്യമാണ് ഇവിടെ പഠനത്തിനു വിധേയമാക്കിയിട്ടുള്ളത്. "ഭൗതിക ഉപാധികളിലൂടെ സിദ്ധിക്കുന്ന അനുഭൂതിയെ പ്രതിനിധാനം ചെയ്യുന്ന കല പ്രാചീന മനുഷ്യനെപ്പറ്റി കൂടുതൽ പഠിക്കുന്നതിനുള്ള കൗതുകകരമായ ഒരു മാർഗ്ഗം കാണിച്ചു തരുന്നുണ്ട്".[1] അതിലൂടെ, പരിണാമങ്ങളുടെ വിവിധദശകൾ പിന്നിട്ടെത്തിയ വർത്തമാനസംസ്കാരത്തിന്റെ പ്രഥമപ്രരോഹങ്ങൾ ദർശിക്കുക എന്നതാണു പഠനത്തിന്റെ മുഖ്യ ഉദ്ദേശ്യം.

0.10 അക്ഷരജ്ഞാനമില്ലാത്തവരുടെ സമൂഹത്തിൽ അവരുടെ അന്തർഗ്ഗതങ്ങളും അനുഭവങ്ങളും ആട്ടങ്ങളിലൂടെയും പാട്ടുകളിലൂടെയുമാണ് ആവിഷ്കരിച്ചിരുന്നതും പ്രസരിപ്പിച്ചിരുന്നതും. ആ കലാരൂപങ്ങൾ അകൃത്രിമങ്ങളാണ്. അതേസമയം പരിണാമവിധേയങ്ങളുമാണ്. അങ്ങനെയുള്ള പരിണാമത്തിന്റെ ദശാസന്ധികളിലൂടെ പുറകോട്ടുപോയാൽ അതിൽനിന്നു ലഭിക്കുന്ന തെളിവുകൾ, വസ്തുതകൾ ഇവയെല്ലാം അതതു സമൂഹത്തിന്റെ ഘടനയെക്കുറിച്ചും അതിന്റെ ക്രമാനുഗതമായ വളർച്ചയെക്കുറിച്ചും മനസ്സിലാക്കാൻ പര്യാപ്തമാവും. അതിനാൽ പാരമ്പര്യാധിഷ്ഠിതമായ പ്രാചീനകലാരൂപങ്ങളെ വേർതിരിച്ചു മനസ്സിലാക്കി നമ്മുടെ പൂർവ്വികരുടെ സംസ്കാരത്തിന്റെ മഹിമയും തനിമയും പരിചയപ്പെടുത്തിക്കൊടുക്കുകയെന്നതും ഈ പ്രബന്ധത്തിന്റെ ലക്ഷ്യമാണ്.

0.11 പഴയ സമൂഹത്തെ പുതിയ സമൂഹവുമായി ഇണക്കുന്ന കണ്ണികൾ എന്തെല്ലാമെന്നോ എവിടെയെല്ലാമെന്നോ ചികഞ്ഞറിഞ്ഞാൽ കൈവരുന്ന സ്വത്വബോധം വ്യവസ്ഥാപിതമായ മാനുഷികമൂല്യങ്ങളിലേയ്ക്ക് ഓരോരുത്തരേയും ഉയർത്തുകയാണു ചെയ്യുന്നത്.

0.12 പരമ്പരാഗതമായി കൈവന്ന അറിവിന്റെ വെളിച്ചത്തിൽ വർത്തമാനകാലസാഹചര്യങ്ങൾ വിലയിരുത്തി ഭാവിയിലേയ്ക്കുതകുംവിധം രൂപപ്പെടുത്തിയെടുത്തവയാണ് ആചാരാനുഷ്ഠാനങ്ങൾ. അവയുടെ പൊതുധർമ്മമാകട്ടെ, 'സമൂഹഘടനയുടെ അടിസ്ഥാനത്തിൽ വികാരവിചാരങ്ങളെ നിയന്ത്രിച്ചു നിറുത്തി അവയെ ക്രമപ്പെടുത്തിയെടുത്തു വരുംതലമുറകളിലേയ്ക്കു പ്രസരിപ്പിക്കുകയെന്നതാണ്.'[2] അതുകൊണ്ടു

തന്നെ യഥാസ്ഥിതമായ ചിന്തകളെന്നതിനുമപ്പുറം ആചാരാനുഷ്ഠാനങ്ങളിലും അതിനോടുചേർന്നു വർത്തിക്കുന്ന കലാസംസ്കൃതിയിലും സമൂഹത്തിന്റെ നിലനിൽപ്പിനാവശ്യമായ ഘടകങ്ങൾ അടങ്ങിയിരിക്കുന്നുണ്ട്. 'ക്രമോന്മുഖമായ മനുഷ്യബന്ധങ്ങൾക്കുവേണ്ടിയാണ് അനുഷ്ഠാനങ്ങൾ നിലകൊള്ളുന്നത്'[3] എന്ന് അലക്സാണ്ടർ മൂർ പ്രസ്താവിക്കുന്നുണ്ട്. ഈ കമ്പ്യൂട്ടർയുഗത്തിലും, അന്ധവിശ്വാസജടിലമെന്നും അപരിഷ്കൃതമെന്നും ചിലരെങ്കിലും അധിക്ഷേപിക്കുന്ന ഉത്സവാഘോഷങ്ങളും ബന്ധപ്പെട്ട ആചാരാനുഷ്ഠാനങ്ങളും കൂടുതൽ പ്രാധാന്യത്തോടെ നിലനിന്നുപോരുന്നതിന്റെ കാരണവും മറ്റൊന്നല്ല.

0.13 ജീവിതാനുഭവങ്ങളിൽനിന്നു സിദ്ധിച്ചിട്ടുള്ള അറിവുകൾ വരും തലമുറകളിലേയ്ക്കു പകരാൻ സമൂഹം എന്നും ഉത്സാഹം കാണിച്ചിട്ടുണ്ട്. ഈ അറിവുകളെ നിലനിർത്താൻ പര്യാപ്തമായ മാർഗ്ഗങ്ങളും മനുഷ്യൻ കണ്ടെത്തി. ഇന്നതിനു കമ്പ്യൂട്ടറും മൈക്രോചിപ്പ്സും ഉപയോഗിക്കുന്നുവെങ്കിൽ അതേ കാര്യസാദ്ധ്യത്തിനായി പ്രാക്തനസമൂഹം ഫലപ്രദമായി കണ്ടെത്തിയ മാർഗ്ഗമാണു കലാരൂപങ്ങൾ. നേടിവച്ച വിജ്ഞാനമെല്ലാം കലാരൂപങ്ങളിലൂടെയാണ് അവർ സൂക്ഷിച്ചുവച്ചതും തലമുറകളിൽനിന്നു തലമുറകളിലേയ്ക്കു പ്രസരിപ്പിച്ചതും. ചരിത്രമെന്നു വ്യാഖ്യാനിച്ചു രൂപപ്പെടുത്തിയിട്ടുള്ള ഏതൊരു ചരിത്രത്തെക്കാളും വിശ്വാസപ്രദങ്ങളായ വസ്തുതകൾ ജീവിതത്തിന്റെ വളർച്ചയും തളർച്ചയും പ്രതിഫലിക്കുന്ന പ്രാകൃതനൃത്തസംഗീതരൂപങ്ങളിൽ തെളിഞ്ഞുകാണാമെന്നു പറയുന്നതും ഇതിനാലാണ്.

0.14 പാരമ്പര്യവും പൈതൃകവും തുളുമ്പിനിൽക്കുന്ന പ്രാചീന

കലാസംസ്കൃതിയുടെ പഠനംകൊണ്ടു സമൂഹത്തിന്റെ ആത്മാവിനെ തൊട്ടറിയാൻ കഴിയുന്നു. എന്നിരുന്നാലും, മാദ്ധ്യമങ്ങൾ സാർവ്വത്രികമായ നമ്മുടെ നാട്ടിലെ ആധുനിക സാഹചര്യങ്ങളിലും പ്രാക്തന കലകളെക്കുറിച്ചുള്ള പഠനങ്ങൾക്കു ദൗർലഭ്യം കാണുന്നു. അതിനുള്ള പ്രധാനകാരണം അത്തരം കലകൾ കയ്യാളുന്നവരുമായി വിദൂരബന്ധം മാത്രമെ നമുക്കുള്ളു എന്നതാണ്. 'സമൂഹത്തിന്റെ താഴ്ന്ന തലങ്ങളിലുള്ള ജീവിതം ഗൗരവംതികഞ്ഞ സാഹിത്യവിഷയമാവില്ല എന്ന തോന്നൽ വികസിച്ചു വന്നതും സമൂഹത്തിലെ അധഃസ്ഥലജീവിതത്തിന്റെ പ്രാതിനിദ്ധ്യം മണിപ്രവാളകൃതികൾക്കൊ ഇതിഹാസപുരാണാദികളിലധിഷ്ഠിതമായ പാട്ടുസാഹിത്യത്തിനൊ ഇല്ല'[4] എന്നുവന്നതും മലയാൺമയുടെ ബാല്യമെന്നുപറയാവുന്ന കാലഘട്ടങ്ങളെ നമ്മിൽനിന്നും കാണാമറയത്തു നിറുത്തിയിട്ടുണ്ട്.

0.15 ഗോത്രവർഗ്ഗങ്ങളുടെ വിശ്വാസപരവും സാംസ്കാരികവുമായ ജീവിതത്തിന്റെ ശൈലി ക്രമേണ ക്ഷയിച്ചുവരികയാണ്. ഈ സാഹചര്യത്തിൽ നമുക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത് സ്വന്തം സംസ്കാരത്തിന്റെ അടിസ്ഥാന ഘടകങ്ങൾ തന്നെയാണ്. കാരണം, 'ഭൂതകാലത്തിന്റെ ഭൂമികയിലാണു വർത്തമാനകാലം ഉരുത്തിരിഞ്ഞുവന്നിട്ടുള്ളത്. അതുകൊണ്ട് ഭാവിയെ സംബന്ധിക്കുന്ന സങ്കല്പങ്ങൾ സാക്ഷാൽക്കരിക്കാനുള്ള യത്നത്തിൽ ഏറ്റവുമധികം സഹായകരമാകുക ഭൂതകാലത്തെക്കുറിച്ചുള്ള അവബോധമാകുന്നു. ഈ അവബോധത്തിന്റെ അഭാവത്തിൽ നമ്മുടെ കർമ്മപരിപാടികളെല്ലാം പാളിപ്പോകുന്നു.'[5] യഥാസ്ഥിതമായ ചിന്തകളെ പരിപോഷിപ്പിക്കുകയും അന്ധവിശ്വാസങ്ങളെ ആധുനികസമൂഹത്തിൽ അടിച്ചേൽപിക്കുകയും മാത്രമാണു

പ്രാചീനസംസ്കാരവിചിന്തനങ്ങൾക്കു സാധിക്കൂ എന്ന അഭിപ്രായങ്ങൾക്കു ചെവികൊടുക്കാതെ, നമ്മെ നാമാക്കിത്തീർത്ത സാഹചര്യങ്ങൾ തിരയുന്നതിനു പരമമായ പ്രാധാന്യമുണ്ടെന്നു വരുന്നത് ഈവക കാര്യങ്ങളാലാണ്.

0.16 കേരളീയരായ നമുക്ക് ഈവക കാര്യങ്ങളിൽ വേണ്ടത്ര ഖേദിക്കാനുണ്ട് എന്നതാണു വാസ്തവം. കാരണം, നമ്മുടെ ഗ്രാമസൗഭാഗ്യങ്ങൾക്കുവന്ന തകർച്ചയും ജനകീയകലകൾക്കു വന്ന അധഃപതനവും പരസ്പരപൂരകങ്ങളാണെന്നതുതന്നെ. ഈ സാഹചര്യം ശരിക്കും മനസ്സിലാക്കിക്കൊണ്ട്, "ഇപ്പോൾ അക്ഷരജ്ഞാനമില്ലാത്തവരെ അഭയം പ്രാപിച്ചിട്ടുള്ള ഈ പാട്ടുകളിലാണ്, ആട്ടങ്ങളിലാണ് നമ്മുടെ പഴയ സംസ്കാരം അണുപോലും പിഴയ്ക്കാതെ രേഖപ്പെടുത്തിയിട്ടുള്ളത് എന്നറിയുമ്പോൾ നമ്മുടെ അനാസ്ഥയെക്കുറിച്ചുള്ള പശ്ചാത്താപത്തിന് അളവുണ്ടാകുന്നതല്ല. ഈ വിഷയത്തിൽ നാം അവലംബിച്ചിരിക്കുന്ന ദീർഘനിദ്ര ഉപേക്ഷിക്കേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്"[6] എന്നു ചേലനാട് അച്യുതമേനോൻ നമ്മെ ഓർമ്മിപ്പിക്കുന്നു.

0.17 പ്രശ്നപരിഹാരത്തിനായി നാം ചെയ്യേണ്ടത്, സാംസ്കാരികമായ അന്യവത്ക്കരണം സംഭവിക്കുന്നതിനുമുമ്പ് ഇവിടെ നിറഞ്ഞുനിന്നിരുന്ന സംസ്കൃതി ഇന്നും എവിടെയൊക്കെ നിലനിൽക്കുന്നുവോ അവിടെ ചെന്നെത്തുകയാണ്; മലയാൺമയുടെ മഹത്തായ പൈതൃകം അവിടെനിന്നു കണ്ടെടുക്കുകയാണ്. 'മറ്റു ഭാഷകളിൽ കാണാവുന്ന വിധം ഗഹനമായ ഒരു സാഹിത്യചരിത്രം മലയാളികൾക്കില്ലായെന്നും അതേസമയം, സാധാരണക്കാർക്കിടയിൽ ലബ്ധപ്രതിഷ്ഠ

യാർജ്ജിച്ച നാടൻപാട്ടുകൾ ധാരാളമുണ്ടായിരുന്നുവെന്നും അവയൊക്കെ എഴുതിവച്ചിട്ടില്ലാത്തവയായിരുന്നു'[7] എന്നുമുള്ള മലബാർ മാന്വലിലെ സർ വില്യം ലോഗന്റെ പ്രസ്താവനയും, ആ വകയെല്ലാം കണ്ടെടുത്തു സമാഹരിക്കേണ്ടതിന്റെ പ്രാധാന്യത്തെത്തന്നെയാണു ബോധ്യപ്പെടുത്തുന്നത്. എന്റെ ഈ എളിയ ശ്രമത്തിന്റെ ഉദ്ദേശ്യവും ഇതുതന്നെയാണ്.

## പൂർവ്വപഠനങ്ങൾ

0.18 കേരളത്തിലെ ഇതര ജില്ലകളിലെ ആദിവാസികളെക്കുറിച്ചുള്ള പഠനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇടുക്കി ജില്ലയിലെ ആദിവാസികളെക്കുറിച്ചുള്ള പഠനങ്ങൾ വളരെക്കുറവാണെന്നുകാണാം. ദുർഘടങ്ങളായ വഴികളും പരിമിതമായ ഗതാഗതസൗകര്യങ്ങളും ഇടുക്കി ജില്ലയിലെ ആദിവാസിപഠനത്തിനു തടസ്സങ്ങൾ സൃഷ്ടിക്കുന്നുണ്ട്. താമസ സൗകര്യങ്ങളുടെ അപര്യാപ്തതയാണു മറ്റൊരു ദോഷം. ഈ ജില്ലയിലെ ആദിവാസികളിൽ മുതുവാൻ, മന്നാൻ, മലപ്പുലയർ, മലമ്പണ്ടാരം മുതലായ വർഗ്ഗക്കാർ പുറത്തുള്ള സമൂഹത്തിലുള്ളവരുമായി ഇടപഴകാൻ വളരെ വിമുഖതയുള്ളവരാണ്. ഇവരെക്കുറിച്ചു പഠനം നടത്തുന്നതിന് ഇതും ഒരു തടസ്സമാണ്. എങ്കിലും, കഴിഞ്ഞ നൂറ്റാണ്ടിൽത്തന്നെ ഇവിടുത്തെ ആദിവാസികളെക്കുറിച്ചുള്ള പഠനങ്ങൾ ആരംഭിച്ചതായി കാണുന്നു. വാർഡും കോണറും ചേർന്നെഴുതിയ 'മെമ്മോയർ ഓഫ് ദി സർവ്വേ ഓഫ് ദി ട്രാവൻകൂർ ഏന്റ് കൊച്ചിൻ സ്റ്റേറ്റ്സ് (1816-1820)' എന്ന ഗ്രന്ഥത്തിൽ ആദിവാസികളെക്കുറിച്ചു വിശദമായി പരാമർശിക്കുന്നുണ്ട്. സാമുവൽ മറ്റീറിന്റെ 'നേറ്റീവ് ലൈഫ് ഇൻ ട്രാവൻകൂർ (1883)' ആണ് കഴിഞ്ഞ നൂറ്റാണ്ടിൽ ആദിവാസികളുടെ

പഠനം ഉൾപ്പെടുത്തിക്കൊണ്ടിറങ്ങിയ മറ്റൊരു ഗ്രന്ഥം. ഈ വിഷയം അധികരിച്ച് ഈ നൂറ്റാണ്ടിലും ചില പഠനങ്ങൾ ഉണ്ടായിട്ടുണ്ട്. നരവംശ ശാസ്ത്രജ്ഞരായ എൽ.കെ. അനന്തകൃഷ്ണയ്യരും എൽ.എ. കൃഷ്ണയ്യരും എഴുതിയ ഗ്രന്ഥങ്ങൾ ജില്ലയിലെ ആദിവാസികളെക്കുറിച്ചു വിലപ്പെട്ട വിവരങ്ങൾ തരുന്നുണ്ട്. എഡ്ഗാർ തെഴ്സ്റ്റൺ എഴുതിയ 'കാസ്റ്റ്സ് ഏന്റ് ട്രൈബ്സ് ഓഫ് സതേൺ ഇന്ത്യ' എന്ന ഗ്രന്ഥത്തിലും ഇന്നത്തെ ഇടുക്കി ജില്ലാ പ്രദേശത്തെ ആദിവാസികളെക്കുറിച്ചുള്ള പഠനമുണ്ട്.

0.19 കെ. പാനൂരിന്റെ 'കേരളത്തിലെ ആഫ്രിക്ക', 'കേരളത്തിലെ അമേരിക്ക', നെട്ടൂർ.പി. ദാമോദരന്റെ 'ആദിവാസികളുടെ കേരളം', അമ്പാട്ടു സുകുമാരൻ നായരുടെ 'ആദിവാസികളുടെ നാട്ടിൽ', ജോയി തിരുമൂലപുരത്തിന്റെ 'ഇടമലക്കുടിയിലെ മുതുവാന്മാർ' എന്നിവ ജില്ലയിലെ ആദിവാസികളെക്കുറിച്ചു സാമാന്യവിവരണം നൽകുന്ന ഗ്രന്ഥങ്ങളാണ്.

0.20 ഇടുക്കി ജില്ലയിലെ ആദിവാസിഗോത്രങ്ങളായ പളിയൻ, മുതുവാൻ, ഊരാളി എന്നിവരെക്കുറിച്ചു യഥാക്രമം കെ. മോഹൻദാസും[8] പി.ടി. തോമസും[9] ജേക്കബ് ജോൺ കട്ടക്കയവും[10] ഗവേഷണം നടത്തിയിട്ടുണ്ട്. എൻ.ഡി. ജോഷിയുടെ പി.എച്ച്.ഡി. പ്രബന്ധത്തിലും[11] ഇടുക്കിയിലെ പ്രധാനപ്പെട്ട ആദിവാസിഗോത്രങ്ങളെക്കുറിച്ചുള്ള വിവരണങ്ങൾ ഉണ്ട്.

0.21 ജനസംഖ്യാനിർണ്ണയത്തോടനുബന്ധിച്ചു പെരിയാർ, ഉടുമ്പ

ന്നൂർ, ചമ്പക്കാട് എന്നിവിടങ്ങളിലെ ആദിവാസികളെക്കുറിച്ചു ഡയറക്ടറേറ്റ് ഓഫ് സെൻസസ്സ് ഓപ്പറേഷന്റെ പഠനവും ശ്രദ്ധേയമാണ്.[12] ഇതേ വകുപ്പുതന്നെ അനുബന്ധപഠനമായി മലപ്പുലയ, ഊരാളി എന്നീ വർഗ്ഗങ്ങളെക്കുറിച്ച് ഒരു റിപ്പോർട്ടും പ്രസിദ്ധീകരിച്ചിട്ടുണ്ട്.[13]

0.22 മേൽപ്പറഞ്ഞ പഠനങ്ങളെല്ലാം നരവംശശാസ്ത്രം, സാമൂഹികശാസ്ത്രം, ചരിത്രം എന്നീ മാനവികശാസ്ത്രശാഖകളുടെ അടിസ്ഥാനത്തിലുള്ളതാണ്. ആദിവാസികളുടെ കലാപാരമ്പര്യത്തെക്കുറിച്ചുള്ള പരാമർശങ്ങൾ അനുഷംഗികമായി മാത്രമാണ് ഈ പഠനങ്ങളിൽ കാണുന്നത്. ആദിവാസികളുടെ കലാരൂപങ്ങളെ ഗൗരവമായ ഒരു വിഷയമായെടുത്തു സമഗ്രമായി പഠിക്കാൻ ഇവരാരും താൽപര്യമെടുത്തിട്ടില്ല. എന്നാൽ ഡോ. ഉമ്മർ ചുണ്ടലിന്റെ 'കറുത്ത കലകൾ' എന്ന ഗ്രന്ഥത്തിൽ ജില്ലയിലെ ആദിവാസികലകളെക്കുറിച്ചു സാമാന്യമായി വിവരിക്കുന്നുണ്ട്. അതേസമയം, കേരളത്തിലെ പ്രധാനപ്പെട്ട ആദിവാസിജില്ലകളിലൊന്നായി വിശേഷിപ്പിക്കപ്പെടുന്ന ഇടുക്കിയിലെ, ഗിരിവർഗ്ഗക്കാരുടെ കലാപാരമ്പര്യത്തെക്കുറിച്ചു സൂക്ഷ്മവും സമഗ്രവുമായി പ്രതിപാദിക്കുന്ന ഒരു ഗ്രന്ഥവും മലയാളത്തിൽ ഇതുവരെ ഉണ്ടായിട്ടില്ല.

## പഠനപദ്ധതി

0.21 ഇടുക്കി ജില്ലയിലെ ആദിവാസികളുടെ കലാപാരമ്പര്യത്തെ അധികരിച്ചു സമഗ്രമായ ഒരു പഠനം ഇതുവരെയുണ്ടായിട്ടില്ല എന്നതിനാൽ പൂർവ്വമാതൃകകളെ അവലംബിച്ചുകൊണ്ടുള്ള ഒരു പഠനത്തിനു നിവൃത്തിയില്ല. രേഖപ്പെടുത്തിവച്ചിരിക്കുന്ന സാമഗ്രികളുടെ (Written Materials) ദൗർലഭ്യം മൂലം വസ്തുതാസമാഹരണത്തിനു (Data Collection)

പ്രാഥമികവിഭവങ്ങളെത്തന്നെ (Primary Sources) ആശ്രയിക്കേണ്ടിയിരിക്കുന്നു. ഇതിനായി ബഹുധാനിഷ്ഠമായ അന്വേഷണ രീതിയാണ് അവലംബിച്ചത്. മറ്റു ഗവേഷണ മേഖലകളിലുള്ളവർ മണ്ഡലവൃത്തിക്കു തെരഞ്ഞെടുത്ത രീതികൾ പലതും പരിശോധിച്ചതിനു ശേഷം സ്വതന്ത്രമായ ഒരു രീതി ആവിഷ്കരിക്കുകയാണ് ഇവിടെ ചെയ്തത്.

## പഠനമേഖല

0.24 ഇടുക്കി ജില്ലയിലെ ആദിവാസി കുടിപ്പാർപ്പുകൾ (Settlements) സ്ഥിതിചെയ്യുന്ന പ്രദേശങ്ങൾ.

## ജനസമൂഹം

0.25 ഗോത്രസാംസ്കാരിക പാരമ്പര്യമുള്ള എട്ടു വർഗ്ഗങ്ങളെയാണു പഠനത്തിനു വിധേയമാക്കിയത്. ഉള്ളാടൻ, ഊരാളി, പളിയൻ, മന്നാൻ, മലപ്പുലയൻ, മലമ്പണ്ടാരം, മലയരയൻ, മുതുവാൻ എന്നിവരാണ് ഈ എട്ടുവർഗ്ഗക്കാർ.

## ഗവേഷണസംഘം

0.26 ഗവേഷക, ഫീൽഡ് അസിസ്റ്റന്റ്, ഫോട്ടോഗ്രാഫർ, ചുമടുകൾ എടുക്കാൻ ഒരാൾ എന്നിങ്ങനെ നാലുപേർ അടങ്ങുന്നതായിരുന്നു ഗവേഷണസംഘം. തമിഴു പാരമ്പര്യമുള്ള ആദിവാസികളെ സന്ദർശിക്കാൻ പോകുമ്പോൾ തമിഴും മലയാളവും അറിയുന്ന ആരെയെങ്കിലും കൂടെക്കൊണ്ടുപോകാറുണ്ട്. റിസർവ്വ് വനത്തിനകത്തുള്ള ആദിവാസി കേന്ദ്രങ്ങൾ സന്ദർശിക്കാൻ പോകുമ്പോൾ വനംവകുപ്പുദ്യോഗസ്ഥൻമാരുടെ സഹായവും തേടിയിരുന്നു.

## അഭിമുഖം

0.27 മുൻകൂട്ടി തയ്യാറാക്കിയ ചോദ്യാവലിയുടെ സഹായത്താലുള്ള മുഖാമുഖം അപ്രായോഗികമായി വന്നതിനാൽ ചിട്ടപ്പെടുത്താത്ത ഒരു ചോദ്യാവലി (Unstructured Questionare) യുമായാണ് ആവേദകരെ സമീപിച്ചിരുന്നത്. അഭിമുഖസംഭാഷണങ്ങളിൽ ഔപചാരികത കലരാതെ സ്വാഭാവിക സാഹചര്യങ്ങളിലേയ്ക്കു തിരിച്ചുവിടാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

0.28 ആവേദകരുടെ മറുപടികളും വിശദീകരണങ്ങളും, പലപ്പോഴും തെറ്റിദ്ധാരണാജനകമായിരുന്നു. അവർ നൽകുന്ന വിവരങ്ങൾക്കു വിരുദ്ധമായ കാര്യങ്ങൾ തന്നെ അവരുടെ പ്രവർത്തനങ്ങളിൽ കാണുമ്പോഴാണ് ഇങ്ങനെ അനുഭവപ്പെടുന്നത്. ആശയവിനിമയത്തിൽ വരുന്ന അപാകതകളും ഇതിനു കാരണമാകുന്നുണ്ട്. അതുകൊണ്ട് ഒരേ വസ്തുത തന്നെ രണ്ടോ മൂന്നോ ആളുകളോടു ചോദിച്ചു വിശദീകരണം തേടേണ്ടത് ആവശ്യമായി വന്നു.

## നിരീക്ഷണം

0.29 ഉത്തരം തരുന്ന കാര്യത്തിൽ ആവേദകർ ആത്മാർത്ഥതയുള്ളവരാണ്. എങ്കിലും ഉത്തരങ്ങൾ വസ്തുനിഷ്ഠമാകണമെന്നില്ല. അതുകൊണ്ട്, നൃത്തങ്ങളുടെ കാര്യത്തിൽ പ്രത്യേകിച്ചും, വസ്തുതാശേഖരണത്തിനുള്ള ഭദ്രമായ മാർഗ്ഗം നിരീക്ഷണം മാത്രമാണെന്നുവന്നു. നൃത്തങ്ങളെ നിരീക്ഷിക്കുന്ന സമയത്ത് തയ്യാറാക്കിയ ഒരു ചോദ്യാവലി പൂരിപ്പിച്ചെടുക്കുകയും ചെയ്തു. ഏറ്റവും ശരിയായ വിവരങ്ങൾ ശേഖരിക്കാൻ ഈ രീതി പ്രയോജനപ്പെടുകയും ചെയ്തു.

## സാങ്കേതിക ഉപകരണങ്ങൾ

0.30 ടേപ്പ്റിക്കാർഡർ (രണ്ടെണ്ണം) ക്യാമറ എന്നി ദൃശ്യ-ശ്രാവ്യ ഉപകരണങ്ങളാണു മണ്ഡലാവൃത്തിയിൽ ഉപയോഗിച്ചിട്ടുള്ളത്.

## വിഭവസമാഹരണം

0.31 വാമൊഴിപാരമ്പര്യത്തിലുള്ള പാട്ടുകൾ ടേപ്പ്റിക്കാർഡർ ഉപയോഗിച്ചു പകർത്തിയെടുത്തു. വാദ്യസംഗീതം മാത്രമായി വേറെയും പകർത്തി. ഇതിനായി ആകെ മുപ്പതു മണിക്കൂർ ശബ്ദലേഖനം നടത്തി. നൃത്തം, വാസ്തുശില്പം, [illegible] മുതലായവയുടെ 180 ചിത്രങ്ങളെടുത്തു.

## പഠനത്തിന്റെ പരിമിതി

0.32 ആദിവാസികളെക്കുറിച്ചുള്ള ഏതൊരു പഠനത്തിനും പരിമിതികളുണ്ട്. അവരുടെ കലാരൂപങ്ങളെക്കുറിച്ചുള്ള പഠനമാകുമ്പോൾ പരിമിതികൾ ഒന്നുകൂടിയേറുന്നു. കാരണം, തങ്ങളുടെ കലകളെക്കുറിച്ച് ആദിവാസികളിൽത്തന്നെ വളരെക്കുറച്ചുപേർക്കെ കൃത്യമായി അറിവുള്ളൂ. വാമൊഴിപാരമ്പര്യത്തിൽ മാത്രം പ്രസരിച്ചുവന്ന പാട്ടുകളാവട്ടെ പഴമക്കാരായ ആളുകൾ മറന്നുകഴിഞ്ഞ സ്ഥിതിയാണുള്ളത്. പുതിയതലമുറയിലുള്ളവർ പാരമ്പര്യപ്രകാരമുള്ള കലാരൂപങ്ങൾ ഏറ്റെടുത്തു കൊണ്ടുപോകാൻ വിമുഖത കാണിക്കുന്നവരുമാണ്.

0.33 അനുഷ്ഠാനവുമായി ബന്ധപ്പെട്ട മന്ത്രവാദപ്പാട്ടുകളും നൃത്തരൂപങ്ങളും മറ്റുള്ളവർക്കു മനസ്സിലാക്കികൊടുക്കുന്നതിൽ ആദിവാസി

കൾ ഇപ്പോഴും ചൈതന്യമുള്ളവയാണ്. അങ്ങനെ ചെയ്യാൻ തങ്ങൾക്കു അവകാശം ഉണ്ടെന്നവർ വിശ്വസിക്കുന്നു.

0.34 ജനുവരി മുതൽ മാർച്ച് വരെയുള്ള കാലയളവിലാണു പ്രധാനമായും ആദിവാസികളുടെ കലാപ്രകടനം നടക്കുന്നത്. ഒരേകാലയളവിൽ പലയിടത്തായി ഒരുമിച്ച് ആഘോഷങ്ങൾ നടക്കുന്നതിനാൽ പലതെല്ലാം കാണുവാൻ കഴിയാതെ വന്നിട്ടുണ്ട്. മലപ്പുലയരുടെ കുറുമ്പൻകളി, പളിയരുടെ ആടൽപ്പാട്ടം എന്നി കലാരൂപങ്ങൾ നേരിൽക്കാണാൻ കഴിയാത്ത സാഹചര്യം ഈ പഠനകാലയളവിലുണ്ടായതിനുള്ള കാരണമിതാണ്. മുതുവാന്മാരുടെ ആവാസകേന്ദ്രങ്ങൾ നിറയെയും ചെന്നെത്തിപ്പെടാൻ വളരെ ബുദ്ധിമുട്ടുള്ള കൊടുങ്കാടുകളിലാണുള്ളത്. അതിനാൽ കൊണ്ടിയാട്ടം എന്ന നർത്തനത്തിൽ ഏറ്റവും പ്രവീണരായവർ താമസിക്കുന്ന കുടി, പന്നിയാർ തുടങ്ങിയ സ്ഥലങ്ങളും സന്ദർശിക്കാൻ കഴിഞ്ഞില്ല. ഈ വിധത്തിലുള്ള സാഹചര്യങ്ങളെയെല്ലാം തരണം ചെയ്യണമെങ്കിൽ ദീർഘകാലപദ്ധതിയും കൂട്ടായയത്നവും ആവശ്യമാണ്.

## ആവേദകർ

0.35 ഓരോ ഗോത്രത്തിന്റെയും ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ആനുപാതികമായി ആവേദകരുടെ എണ്ണം നേരത്തെ തിട്ടപ്പെടുത്തി വച്ചിരുന്നെങ്കിലും ആ രീതി പ്രായോഗികമായിരുന്നില്ല. മലപ്പുലയന്മാർക്കിടയിൽ, ആശയവിനിമയത്തിന്റെ അപര്യാപ്തതയാൽ വളരെയേറെപ്പേരുമായി അഭിമുഖം നടത്തേണ്ടിവന്നപ്പോൾ ഊരാളി സമുദായത്തിൽ വളരെക്കുറച്ച് ആവേദകരിൽ നിന്നുതന്നെ വിശദമായി

വിവരങ്ങൾ ലഭിക്കുകയുണ്ടായി.

0.36 പത്രപ്രവർത്തകർ, രാഷ്ട്രീയ നേതാക്കൾ, സാമൂഹ്യ പ്രവർത്തകർ, ട്രൈബൽ സ്കൂൾ അദ്ധ്യാപകർ, അംഗൻവാടി അദ്ധ്യാപികമാർ, സിംഗ്ൾ സ്കൂൾ അദ്ധ്യാപകർ, സാക്ഷരതാ പ്രവർത്തകർ, സർക്കാർ ഉദ്യോഗസ്ഥന്മാർ തുടങ്ങിയവരുടെ സഹായവും വസ്തുതാസമാഹരണത്തിന് ഉപയോഗപ്പെടുത്തി. ആവേദകരുടെ ദൗർലഭ്യം ഏറ്റവും കൂടുതൽ അനുഭവപ്പെട്ടത് മുതുവാന്മാർക്കിടയിലായിരുന്നു. മലമ്പണ്ടാരത്തിന്റെ

| സന്ദർശനം നടത്തിയ അധിവാസകേന്ദ്രങ്ങൾ | | |
|---|---|---|
| വർഗ്ഗം | അധിവാസകേന്ദ്രങ്ങൾ | എണ്ണം |
| മുതുവാൻ | തലമാലി, ലക്കം, കണ്ടത്തിക്കുടി, പുതുക്കുടി, സൊസൈറ്റിക്കുടി, കൊമളിക്കുടി, എടലിപ്പാറ, സാമിയാറള, കൂടല്ലാർകുടി. | 9 |
| മന്നാൻ | വാത്തിക്കുടി, കോഴിമല, പഴയരിക്കണ്ടം, മഴുവടി, മണിയാറൻകുടി, കഞ്ഞിക്കുഴി. | 6 |
| പളിയൻ | പൈനാവ്, ലബ്ബക്കണ്ടം, കുമളി, പുളിയൻമല. | 4 |
| മലപ്പുലയൻ | ചമ്പക്കാട്, ദിണ്ടുക്കൊമ്പ്, മറയൂർ, പാളപ്പെട്ടി. | 4 |
| ഊരാളി | വെൺമണി, പഴയരിക്കണ്ടം, പതിപ്പിള്ളി, ഇഞ്ചപ്പാറ, മേമെത്തൊട്ടി, പൂമാല, പെരിങ്ങാശ്ശേരി. | 7 |
| ഉള്ളാടൻ | പഴയരിക്കണ്ടം, പതിനാറാംകണ്ടം, വെൺമണി. | 3 |
| മലയരയൻ | പതിപ്പിള്ളി, പെരിങ്ങാശ്ശേരി, ഉപ്പുകുന്ന്, വെൺമണി, പുഞ്ചവയൽ. | 5 |
| മലമ്പണ്ടാരം | കോരുത്തോട് (കുഴിമാവ്). | 1 |

ഒരേയൊരു കുടി മാത്രമാണു സന്ദർശിച്ചത്. യാതൊരുവിധത്തിലുള്ള കലാപാരമ്പര്യവും അവർക്ക് ഇല്ലായെന്നറിഞ്ഞതുകൊണ്ടു കൂടുതൽ സ്ഥലങ്ങളിൽ പോയില്ല.

## അദ്ധ്യായ വിഭജനം

0.37 ഈ ഗവേഷണ പ്രബന്ധത്തിൽ അഞ്ച് അദ്ധ്യായങ്ങളാണുള്ളത്. 'കേരളത്തിലെ ആദിവാസികൾ - സാമാന്യാവലോകനം' എന്നതാണ് ഒന്നാമത്തെ അദ്ധ്യായം. അതിൽ ആദിവാസി എന്ന പദത്തിന്റെ വ്യുൽപ്പത്തി, അർത്ഥതലം, ഗോത്രവർഗ്ഗസവിശേഷതകൾ, ചരിത്രവസ്തുതകൾ, വർഗ്ഗഘടന തുടങ്ങിയ കാര്യങ്ങളെപ്പറ്റിയാണു പ്രതിപാദിക്കുന്നത്.

0.38 'ആദിവാസികലകളുടെ സവിശേഷതകൾ' എന്ന രണ്ടാമദ്ധ്യായത്തിൽ അവരുടെയിടയിൽ കലാരൂപങ്ങൾ ഉടലെടുക്കുന്നതും നിലനില്ക്കുന്നതും എങ്ങനെയെന്നതിനെക്കുറിച്ചും, കലാരൂപങ്ങൾക്കുണ്ടാവുന്ന പരിണാമങ്ങളെക്കുറിച്ചും വിശദീകരിക്കുന്നു. ആദിവാസിസമൂഹങ്ങളിൽ അവരുടെ ഭൗതികസംസ്കാരവും കലകളും യോജിച്ചു വർത്തിക്കുന്നതിനെ നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്.

0.39 ഇടുക്കി ജില്ലയിലെ ആദിവാസികളുടെ സാമൂഹികവും സാംസ്കാരികവുമായ പശ്ചാത്തലത്തെക്കുറിച്ചുള്ള സാമാന്യവിവരണമാണു മൂന്നാമദ്ധ്യായം. അതോടൊപ്പം, ഓരോ വർഗ്ഗത്തിന്റെയും ജീവിതരീതികളും സ്ഥിതിവിവരക്കണക്കുകളും വെവ്വേറെയെടുത്തു വിശദീകരിച്ചിട്ടുമുണ്ട്.

0.40 പ്രബന്ധത്തിലെ പ്രധാനവിഷയമായ ഇടുക്കി ജില്ലയിലെ ആദിവാസികളുടെ കലാപാരമ്പര്യം വിശദമായി ചർച്ച ചെയ്യുകയാണു നാലാമദ്ധ്യായത്തിൽ. നൃത്തം, സംഗീതം എന്നീ രണ്ടു പ്രധാന ഭാഗങ്ങളാണ് ഈ അദ്ധ്യായത്തിലുള്ളത്. കൂടാതെ വാദ്യോപകരണ നിർമ്മാണവും വാസ്തുവിദ്യയും ഈറ്റവേലയും കരകൗശലം എന്ന ഭാഗത്തിൽപ്പെടുത്തി വിശദീകരിക്കുന്നു.

0.41 നിഗമനങ്ങളും ഉപദർശനങ്ങളുമാണ് അഞ്ചാമദ്ധ്യായത്തിൽ. ആദിവാസികളുടെ തനതുഭാഷയിൽ വന്ന വ്യതിയാനവും, കലകളിൽ നടക്കുന്ന ശിഥിലീകരണവും, ഗിരിവർഗ്ഗേതര സംസർഗ്ഗം മൂലം ആദിവാസി കലകൾക്കു വന്നുകൊണ്ടിരിക്കുന്ന ദോഷഫലങ്ങളും ഇതിൽ വിലയിരുത്തുന്നു.

<u>കുറിപ്പുകൾ</u>


1. ജെയിംസ് എഡ്ഗാർ സ്വെയ്ൻ. ലോകനാഗരികതയുടെ ചരിത്രം, (വിവ. ചെങ്ങന്നൂർ ശങ്കരവാരിയർ), കേ.ഭാ.ഇ. തിരുവനന്തപുരം. 1984, പു.52.

2. Radcliff Brown A. R. <u>Structure and Functions of Primitive Society</u>, Cohen and West Limited, London, 1963, P.29.

3. Alexander Moore. <u>Cultural Anthrapology</u>, Harper and Row Publishers, New York, 1978, P.119.

4. ലീലാവതി എം. (ഡോ.) മലയാള കവിതാസാഹിത്യ ചരിത്രം, കേ.സാ.അ. തൃശൂർ. 1991, പു.39.

5. സാനു. എം.കെ (അവതാരിക) <u>19-ാം നൂറ്റാണ്ടിലെ കേരളം പഠനം</u>, ഭാസ്കരനുണ്ണി. പി, കേ.സാ.അ. തൃശൂർ. 1988.

6. Achutha Menon Chelanat (Dr.) <u>Ballads of North Malabar</u>, Vol.I(Preface), Madras University. Madras. 1935.

7 വില്യം ലോഗൻ, <u>മലബാർ മാന്വൽ</u>, (വിവ.) കൃഷ്ണൻ. ടി.വി, മാ.പ്രി. കോഴിക്കോട്. 1985, പു.91.

8. Mohandas. K, <u>Culture Change and Physical Characteristics of Paliyans of Kerala</u> (Ph.D Thesis) Kerala University, 1987.

9. Thomas .P.T, <u>A Travancore Tribe</u> (Ph.D Thesis) Maharaj Sayaji Rao University, Baroda, 1958.

10. Jacob John Kattakayam, <u>Social Structure and Change Among The Tribals</u> (A Study Among The Uralies of Idukki District in Kerala.), D.K. Publications, New Delhi , 1983.

11. Joshi .N.D, <u>Socio - Cultural and Educational Conditional of Adivasis in Kerala</u> (Ph.D. Thesis) University of Kerala, 1983.

12. Village Survey Monograph (Tribal Areas) Census of India. Vol. VII, Kerala, Part VI G. 1961.

&

Village Survey Monograph. (Tribal Areas) Census of India. Vol. II, Kerala , Part VI H. 1961.

(Published by Devassy. M.K, B.A.B.L., for Directorate of Census Operations Kerala).

13. Ethnographic Notes on Scheduled Tribes, Census of India ( Directorate of Census Operations, Kerala), Series. 9, Kerala, Part. V (B 1), 1971.